# വയനാട് പ്രകൃതി സംരക്ഷണ സമിതി

**സുൽത്താൻ ബത്തേരി പി ഒ, വയനാട്, പിൻ: 673592**

**റജി. നമ്പർ. w239/2003**

---

From

തോമസ് അമ്പലവയൽ

സെക്രട്ടറി, വയനാട് പ്രകൃതി സംരക്ഷണ സമിതി

മീനങ്ങാടി പി ഒ, വയനാട് 673591

മൊബൈൽ: 9447640631

E-mail : thomasambalavayal1@gmail.com

To

ഡയറക്ടർ

വിജിലൻസ് & ആന്റികറപ്ക്ഷൻ ബ്യൂറോ

കേരള-തിരുവനന്തപുരം

**വിഷയം** -ജില്ലാദുരന്ത നിവാരണ അതോറട്ടി ചെയർമാൻ ഖനനം നിരോധിച്ച മേഖലകളിൽ ആ ഉത്തരവ്ലംഘിച്ച് ഖനനത്തിനും, വിഭവകടത്തിനും വൻ തുകവാങ്ങി കൂട്ടുനിന്ന സുൽത്താൻബത്തേരി താലൂക്ക്തഹസിൽദാർ, അഡീഷണൽ തഹസിൽദാർ, ഡെപ്യൂട്ടിതഹസിൽദാർ, ജില്ലജിയോളജിസ്റ്റ്, കൊള്ളമുതൽ കടത്തികൊണ്ടുപോയ മേഖലകളിലെ അമ്പലവയൽ-മീനങ്ങാടി-ബത്തേരി പോലീസ് സബ്ബ്ഇൻസ്പെക്ടർമാർ,മീനങ്ങാടി-ബത്തേരിപോലീസ്സർക്കിൾ ഇൻസ്പെക്ടർമാർ, മുത്തങ്ങ-കാട്ടിക്കുളം ചെക്ക്പോസ്റ്റ്ചുമതലക്കാർ, സെയിൽസ് ടാക്സ്ഓഫീസർമാർ, മീനങ്ങാടി-അമ്പലവയൽ ഗ്രാമപഞ്ചായത്ത്സെക്രട്ടറിമാർ എന്നിവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും, സർക്കാർഖജനാവിന് ഉണ്ടാക്കിയ നഷ്ടങ്ങളും ഇവരുടെ അനധികൃതസ്വത്ത്സമ്പാദനവും അന്വോഷിക്കുന്നതിനെ സംബന്ധിച്ച്.

വൻ ദുരന്തങ്ങൾക്കിടയാക്കും വിധത്തിൽ വൻതോതിലുള്ള കരിങ്കൽ, മണൽ ഖനനം നടക്കുന്ന വയനാട്ടിലെ ~~മീനങ്ങാടി~~ കൃഷ്ണഗിരി വില്ലേജിൽപ്പെട്ട ആറാട്ടുപാറ മലയിലും അതിന്റെ 1 കിലോമീറ്റർ ചുറ്റളവിലും, കൊളഗപ്പാറ മലയിലും അതിന്റെ 200 മീറ്റർ ചുറ്റളവിലും, പ്രധാന വിനോദ സഞ്ചാര കേന്ദ്രം കൂടിയായ അമ്പലവയൽ വില്ലേജിലെ കൂറ്റൻ മനുഷ്യ രൂപത്തിലുള്ള ഫാന്റം റോക്കിലും അതിന്റെ 200 മീറ്റർ ചുറ്റളവിലും എല്ലാവിധ ഖനനങ്ങളും നിരോധിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ 2-08-2016 ൽ ഉത്തരവിറക്കിയിട്ടുള്ളതും ഈ ഉത്തരവ് നടപ്പാക്കാൻ സുൽത്താൻബത്തേരി തഹസിൽദാറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

എന്നാൽ കാലാകാലങ്ങളായി സാമ്പത്തിക ലാഭത്തിന് വേണ്ടി ഖനന മാഫിയകൾക്ക് എല്ലാ ഒത്താശകളും ചെയ്തുവരുന്ന ഈ ഉദ്യോഗസ്ഥൻമാർ നിയമ വാഴ്ചയെ തകിടം മറിച്ച് ഈ ഉത്തരവിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ പരിസ്ഥിതി പ്രവർത്തകർ ഇതിനെ ചോദ്യം ചെയ്യുകയും വിവരാവകാശ പ്രകാരം ഈ ഉത്തരവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും രേഖകളും ആവശ്യപ്പെട്ടതിനെ തുടർന്ന് നിയമനടപടികളിൽ ഭയന്ന തഹസിൽദാർ ഉത്തരവിറങ്ങി 1 മാസവും 18 ദിവസവും കഴിഞ്ഞ് 19-09-2016 ന് ചില ക്വാറികൾക്കും ക്രഷറുകൾക്കും സ്റ്റോപ്പ് മെമ്മോ നൽകുകയായിരുന്നു. ഇതിൽ കൃഷ്ണഗിരി വില്ലേജ് ഓഫീസർ നൽകിയ സ്റ്റോപ്പ് മെമ്മോകളിൽ തീയ്യതിപോലും രേഖപ്പെടുത്തിയിട്ടില്ല.

നിരോധിത മേഖലകളിലെ വൻ പ്രകൃതി വിഭവ കൊള്ളയെകുറിച്ച് അന്വേഷിച്ച മനോരമ ന്യൂസ് ഞെട്ടിക്കുന്ന നേർകാഴ്ച്ചകളും നിയമലംഘനങ്ങളും പുറത്തുവിട്ടു. ആറാട്ടുപാറയിലെ 3 സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കടലോരം സാന്റ്സ്, പുഴയോരം സാന്റ്സ്, എ വി റ്റി സാന്റ്സ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ഭീതിതമായ മണലൂറ്റും റവന്യൂ ജിയോളജി പോലീസ് ഗ്രാമപഞ്ചായത്ത് അധികാരികൾ എന്നിവരുടെ ഒത്താശയോടെയുള്ള മണൽകൊള്ളയും, കള്ളക്കടത്തും മനോരമ ചാനലിലൂടെ ലോകം കണ്ടതാണ്.

ദീർഘവീക്ഷണത്തോടെ മുൻകൂർ നടപടികൾ സ്വീകരിച്ച് നാടിനെ ദുരന്തങ്ങളിൽ നിന്നും രക്ഷിക്കാൻ (~~ചുമതലപ്പെട്ട സ്ഥാനത്തുള്ളതും~~) ജില്ലാ മജിസ്ട്രേട്ടുമായ ജില്ലാ കളക്ടറുടെ ഉത്തരവ് പൂഴ്ത്തിവെച്ച റവന്യൂ ഉദ്യോഗസ്ഥരടക്കമുള്ളവരുടെ കൃത്യവിലോപത്തെകുറിച്ചും അതുമൂലം സർക്കാർ ഖജനാവിനുണ്ടായ നഷ്ടത്തെകുറിച്ചും ഇവരുടെ ആർജിത സ്വത്ത് വകകളെ കുറിച്ചും അന്വേഷിച്ച് മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്നും

നിയമലംഘനം നടത്തിയ ഉദ്യോഗസ്ഥർക്ക് സാമ്പത്തികവും സുഖസൗകര്യങ്ങളും ഒരുക്കി പ്രകൃതിവിഭവകൊള്ളയിലൂടെ സാമ്പത്തികതട്ടിപ്പ്നടത്തിയ ഖനന മുതലാളിമാരുടെ സ്വത്ത്വകകൾ കണ്ട്കെട്ടുന്നതിനുള്ള നടപടികളും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

~~വയനാട് വിജിലൻസ് വിഭാഗത്തിന് കൊടുത്ത~~ മേപ്പാടി വിംസ് മെഡിക്കൽ കോളേജിന്റെ നിയമലംഘനങ്ങളും ക്രമക്കേടുകളും ചൂണ്ടികാണിച്ച് വയനാട് വിജിലൻസ് വിഭാഗത്തിന് നൽകിയ ~~കൊടുത്ത~~ പരാതി അടക്കമുള്ള നിരവധി പരാതികൾ ഇവർ ദുരുപയോഗം ചെയ്ത മുൻ അനുഭവങ്ങൾ ഉള്ളതുകൊണ്ടാണ് ഈ പാരാതി സംസ്ഥാന ഡയറക്ടർക്ക് സമർപ്പിക്കുന്നത്. ആയതിനാൽ ഈ പരാതിയുടെ അന്വേഷണം വയനാട് വിജിലൻസ് വിഭാഗത്തെ ഏൽപ്പിക്കാതെ പ്രത്യേക സംഘത്തെ നിയമിക്കണമെന്ന് അപേക്ഷിക്കുന്നു. അന്വോഷണം ആരംഭിക്കുന്ന മുറക്ക് കൂടുതൽ തെളിവുകൾ ഹാജരാക്കാൻ തായ്യാറാണന്നും വിനീതമായി അറിയിക്കുന്നു.

എന്ന്

തോമസ് അമ്പലവയൽ

Thomas

മീനങ്ങാടി

04/10/2016

ഉള്ളടക്കം:

1. ജില്ലാ ദുരന്തനിവരാണ അതോറിറ്റി ചെയർമാന്റെ ഉത്തരവ് കോപ്പി
2. 19-09-2016ന് കൃഷ്ണഗിരി വില്ലേജ് ഓഫീസർ തീയ്യതി രേഖപ്പെടുത്താതെ കൊടുത്ത സ്റ്റോപ്പ് മെമ്മോകളുടെ കോപ്പികൾ
3. ഇതുമായി ബന്ധപ്പെട്ട് മനോരമന്യൂസ് പുറത്തുവിട്ട അന്വേഷണാത്മക റിപ്പോർട്ടുകളുടെ ഡി വി ഡി പകർപ്പ്

DEOC/2014/21178/12 (1)

Collectorate, Wayanad
Date: 02.8.2016

Proceedings of the Chairman, District Disaster Management Authority and the District Magistrate, Wayanad
(Present: Keshvendra Kumar IAS)

Sub:- Disaster Management Act 2005- preventing landslide and earthquake disasters at the Phantom Rock area- orders issued- reg.

Phantom Rock is a rocky area comprised in Resurvey Number 521/2 of Block 22 of Krishnagiri Village, Sulthan Bathery Taluk, Wayanad district. This rocky area is ecologically and geologically important. There is immense scope for Eco-friendly and sustainable tourism activities here. In fact, this is one of the main tourism attractions in Wayanad district which attracts a number of tourists every day. Phantom Rock is a beautiful natural object which need be preserved and protected in its full natural splendour.

2. Landscape of Phantom Rock and its premises are mountainous in nature with steep slopes and rises. Because of the terrain specifics, this area bears high risk of landslide. Landslide in this rocky region could be catastrophic as the bottom areas of this rocky region are populated. Any landslide in this area will result in heavy causalities, loss of lives and property. So it is pertinent and inevitable to take proper precautionary measures for prevention of disasters in this region. As of now, quarrying, mining and other commercial activities in this area are causing considerable harm to this wonderful natural monument besides causing threat of landslide and earthquake.

3. Quarrying and mining activities in this area can trigger landslide, because of geographical peculiarities of this portion of land. Such quarrying and mining activities increase the risk of disaster occurrence. Carrying on of Quarrying and Mining activities in this region poses threat to the environment and for the safe and peaceful living of citizens in this area. The Hon'ble High Court of Kerala held in 'Thilakan V/s Circle Inspector of Police and others' dated 23.10.2007 *(2008(1) KLT 141)* that Precautionary Principle is part of Environment Legislation in India.


*District Emergency Operating Centre, Wayanad, Kerala. Phone & Fax: 04936 204151, Toll Free 1077, email: deocwyd@gmail.com*

4. The Hon'ble Supreme Court of India held, in its judgment in Vellore Citizens' Welfare Forum vs Union of India *((1996) 5 SCC 647)* that

"Some of the salient principles of 'Sustainable Development' as culled from Burtland Report and other international documents, are Inter-Generational Equity, Use and Conservation of Natural Resources, Environmental Protection, the Precautionary Principle, Polluter Pays Principle, Obligation to Assist and Co-operate, Eradication of Poverty and Financial Assistance to developing countries. We are, however, of the view that The Precautionary Principle and the Polluter Pays Principle are essential features of Sustainable Development'. The 'Precautionary Principle ' in the context of the municipal law - means :

(i)Environmental measures - by the State Government and the statutory authorities- must anticipate, prevent and attack the causes of environmental degradation.

(ii) Where there are threats of serious and irreversible damage, lack of scientific certainty should not be used as a reason for postponing measures to prevent environmental degradation.

(iii) The 'onus of proof is on the actor or the developer/industrialists to show his action is environmentally benign."

5. The Hon'ble Supreme Court has held that Precautionary Principle mandates that the Statutory Authority must anticipate, prevent and attack the causes of environmental degradation; and that lack of scientific certainty should not be used as a reason for postponing prevention measures when there are threats of serious and irreversible damage. In the instant case, Quarrying and Mining activities are posing threat to environmental sustainability of this area. Any quarrying or mining activity can cause irreversible damage. It is a cause of environmental degradation too. Presence of Quarrying and Mining activities in

this area can cause landslides and earthquakes. The threat is serious and devastating as it will cause destruction of human life, flora and fauna along with the collapse of surrounding landscape, in case of a landslide or earthquake.

6. Section 30(2) (iii) of the Disaster Management Act 2005 (Act 53 of 2005) empowers the District Disaster Management Authority (DDMA) to take action for ensuring proper measures are taken for the prevention of disasters. Section 30(2) (v) further empowers the DDMA to issue direction to different authorities at district level and local authorities to take such other measures for the prevention of disasters.

7. In this circumstance, in the DDMA meeting dated 17.6.2015, it was held that in the interest of preventing disasters, it is necessary to prohibit mining and quarrying activities at the Phantom Rock area. So, in exercise of the power of District Disaster Management Authority as aforesaid, the following orders are issued.

**ORDER**

Under sections 30 (2) (iii) and 30(2)(v) of the Disaster Management Act, 2005 (Act 53 of 2005) order is hereby issued to

i) The Tahsildar, Sulthan Bathery,
ii) the Geologist, District Geology office, Wayanad and
iii) the Secretary, Ambalavayal Grama Panchayat
iv) the Secretary, Meenangadi Grama Panchayat

a. to ensure that, no Mining or Quarrying activity of any kind is happening at the Phantom Rock area comprised in Resurvey number 521/2, of Block 22 of Krishnagiri village, Sulthan Bathery Taluk. The prohibition of Quarrying and Mining activities will be applicable to the entire Phantom Rock and an area covering the rock and 200 metre radial distance from all boundary points of this rock to all sides. For the purpose of this order, the boundary of the rock will be analogous to the boundary of survey sub-division in which the said rock situate. Any quarrying or mining

activities currently happening at this area shall be stopped forthwith. The Tahsildar, Sulthan Bathery shall take action for such closure.

b. In addition to the aforesaid prohibition, all commercial activities of any nature other than that of Eco-friendly tourism is also prohibited in an area of 200 m radius on all sides of the Phantom Rock. The Secretary, Grama Panchayat, Ambalavayal and the Secretary, Grama Panchayat, Meenangadi shall take necessary action for closure of all such commercial activities forthwith.

c. to clear doubts, if any, that may arise as to the deciding of boundary points of Phantom Rock area, it is hereby clarified that the boundaries of the Phantom Rock area will be analogous to the boundary of Government Land comprised in Resurvey number 521/2, of Block 22 of Krishnagiri village. It is learnt that the land comprised in this Resurvey number is being erroneously recorded in the revenue records. The Deputy Director of Survey, Wayanad shall clearly demarcate the boundary of Government land comprised in this resurvey number within 7 days and make necessary correction in the revenue records.

d. This restriction/prohibition will be made applicable to the Quarry which was earlier being operated by Sri. Kuttan.M.K by name "Jay Kerala Quarry Unit" only in compliance to the Judgment which will be pronounced by the Hon. High Court of Kerala in WP(c) 13888/16, status Quo to be maintained with respect to this quarry.

8. Any person aggrieved by any proceeding issued or action taken under this order may file an appeal before the District Disaster Management Authority, Wayanad, within 15 days. The DDMA will consider and decide the appeal on merits and in accordance with the provisions of Disaster Management Act, 2005.

8. This order shall be enforced and executed with immediate effect.

Given under my seal and signature on this the 2nd day of August 2016.

(Keshvendra Kumar IAS)
Chairperson, DDMA &
District Magistrate, Wayanad

To

1. Tahsildar, Sulthan Bathery
2. Geologist, District Office of Mining and Geology, Wayanad
3. Secretary, Grama Panchayat, Ambalavayal
4. The Deputy Director of Survey, Wayanad

Copy to

1. The District Police Chief, Wayanad
2. The Sub Collector, Mananthavadi
3. The Village Officer, Ambalavayal
4. The Village Officer, Krishnagiri

A4 15134/16
2005 ലെ വിവരാവകാശ നിയമ
പ്രകാരം അനുവദിക്കുന്നത്
26/09/16